(ഡി) കുടിശ്ശിക അക്കൗണ്ടിംഗ് ജോലികൾ പൂർത്തിയാക്കാൻ അതാത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് കുടിശ്ശികകൾ പൂർത്തിയാകുന്നതോടെ പി. എഫ്. സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും എളുപ്പമാക്കാൻ കഴിയുന്നതാണ്.

എസ്.എസ്.എൽ.സി.യ്ക്ക് നൂറു ശതമാനം പരാജയം സംഭവിച്ച സ്കൂളുകൾ

43 (826)ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% പരാജയം സംഭവിച്ച സ്കൂളുകൾ ഏതൊക്കെ;

(ബി) റാന്നി താലൂക്കിലെ കുസുമത്ത് പകുതി അദ്ധ്യാപകരെ പോലും അദ്ധ്യയന വർഷം അവസാനിക്കാറായിട്ടു നിയമിച്ചിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താലൂക്കിലെ പകുതി സ്കൂളുകളിലും ഏകദേശം അൻപത് ശതമാനം അദ്ധ്യാപകർ ഇല്ലാതെയായിരുന്നു കഴിഞ്ഞ വർഷം അദ്ധ്യയനം നടന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷത്തെ ഒരു പൊതു സ്ഥിതി അറിയുവാൻ ഒരു അന്വേഷണ സംഘത്തെ താലൂക്കിലെ മലയോര സ്കൂളുകളിൽ അയയ്ക്കാൻ തയ്യാറാകുമോ;

(ഇ) ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അദ്ധ്യാപകരെ നിയമിക്കാതിരിക്കുകയും നിയമിച്ചവരെ സൗകര്യപ്രദമായി ഠൗണുകളിലേയ്ക്ക് സ്ഥലം മാറ്റം നൽകുകയും ചെയ്തതിലെ അഴിമതിയെപ്പറ്റി അന്വേഷിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) 1. ഗവ. എച്ച്.എസ്, സോതുപ്പാറ, ഇടുക്കി
2. ഗവ.എച്ച്.എസ്. കുസുമം, പത്തനംതിട്ട
3. ഗവ. ട്രൈബൽ സ്കൂൾ, പൂതൂർ, പാലക്കാട്

(ബി) മൂന്ന് ഒഴിവുകൾ ഉണ്ടായിരുന്നു.

(സി) ഏതാനും ഒഴിവുകൾ ഉണ്ടായിരുന്നു.

(ഡി)&(ഇ) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

എസ്.എസ്.എൽ.സി. പരീക്ഷാഫലം

44 (827)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം ഔദ്യോഗികമായി പ്രഖ്യാപിച്ച തീയതി ഏന്നാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly